**കേരളാ സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ വകുപ്പിൽ ആഡിറ്റ് വിഭാഗം രൂപീകരിച്ചുകൊണ്ടു പുറപ്പെടുവിച്ച സ.ഉ (കൈയ്യെഴുത്ത്) നം. 24/2011/സഹ തീയതി 16.02.2011 നമ്പർ ഉത്തരവിൽ ഭേദഗതികൾ വരുത്തി ഉത്തരവ്പുറപ്പെടുവിക്കുന്നു.

---

**സഹരണ (എ)വകുപ്പ്**

സ.ഉ (കൈയ്യെഴുത്ത്) നം. 32/2011/സഹ                    തിരുവനന്തപുരം, തീയ്യതി 22. 02.2011.

---

പരാമർശം. സ.ഉ (കൈയ്യെഴുത്ത്) നം. 24/11/സഹ തീയതി 16.02.2011

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവിലെ 3-ാം ഖണ്ഡികയിൽ " ഓഡിറ്റ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ളിഷ്മെന്റ്, അക്കൗണ്ടസ്, ഫിനാൻസ്, ട്രെയിനിങ്ങ്, എന്നീ വിഭാഗങ്ങളിലേക്കായി 6 ജൂനിയർ/ സീനിയർ ഓഡിറ്റർ തസ്തികകളും, ഒരു അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ടൈപ്പിസ്റ്റ് തസ്തികയും യഥാക്രമം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ EA, EB സെക്ഷനുകളിൽ നിലവിലുള്ള തസ്തികകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിലെ കോമൺ പൂളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് ആഡിറ്റ് വിഭാഗത്തിൽ സൃഷ്ടിച്ചും ഉത്തരവാകുന്നു." എന്നത് " ഓഡിറ്റ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ളിഷ്മെന്റ്, അക്കൗണ്ടസ്, ഫിനാൻസ്, ട്രെയിനിങ്ങ്, എന്നീ വിഭാഗങ്ങളിലേക്കായി 6 ജൂനിയർ/ സീനിയർ ഓഡിറ്റർ തസ്തികകളും, ഒരു അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ടൈപ്പിസ്റ്റ് തസ്തികയും യഥാക്രമം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ EA, EB, Accounts, Finance, Training എന്നീ സെക്ഷനുകളിൽ നിലവിലുള്ള തസ്തികകളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിലെ കോമൺ പൂളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് ആഡിറ്റ് വിഭാഗത്തിൽ സൃഷ്ടിച്ചും ഉത്തരവാകുന്നു." എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. കൂടാതെ 4-ാം ഖണ്ഡികയിലെ സർക്കിൾ തല തസ്തികകളുടെ പട്ടിക താഴെ പറയും പ്രകാരം ഭേദഗതിചെയ്തും ഉത്തരവാകുന്നു.

<u>സർക്കിൾ തലം</u>

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് | - 62 |
| അസിസ്റ്റന്റ് ഡയറക്ടർമാർ | - 62 (ഓരോ സർക്കിളിലും 1 വീതം) |
| ഓഫീസ് ആഡിറ്റർമാർ | -62 (ഓരോ സർക്കിളിലും 1 വീതം) |
| യൂണിറ്റ് ഓഡിറ്റർമാർ (ജൂനിയർ/സിനിയർ ഓഡിറ്റർമാർ) | -62 സർക്കിളുകളിലായി 380 എണ്ണം |
| പ്യൂൺ | -62 (ഓരോ സർക്കിളിലും 1 വീതം) |

പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്. വിജയകുമാർ**
അഡീഷണൽ സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും നിയമവകുപ്പും ധനകാര്യവും ഉൾപ്പടെ)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (25.11.2011 ലെ ഇനം 5676 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി
സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.ക്ക്
അണ്ടർ സെക്രട്ടറി I & II

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ